FOOT-PATH—NORTHERN BANK OF NARAKKAL BUNDER CANAL—CONDITION OF

239. (71) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state whether the Government are aware that the foot-path on the Northern bank of the Narakkal Bunder Canal is in a very bad condition and the people are suffering very much thereby?

Mr. K. Ayyappan *(Minister for Works and Revenue):*

No complaints have been received by Government regarding the foot-path up to now.

മിസ്റ്റർ എം. ഐ. പോൾ: സ്ഥലത്തെ പഞ്ചായത്തു പല അവസരങ്ങളിലും ഇതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തീട്ടില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ എം. ഐ. പോൾ: ബഹുമാനപ്പെട്ട മന്ത്രി ആസ്ഥലം നേരിട്ടു സന്ദർശിച്ചിട്ടില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ആ സ്ഥലം സന്ദർശിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ കൂടെ ഉണ്ടായിരുന്നുവല്ലൊ.

മിസ്റ്റർ എം. ഐ. പോൾ: ഇതു അവിടെ വളരെ അത്യാവശ്യമായിട്ടുള്ളതാണു് എന്നുള്ളതു് സ്ഥലം പഞ്ചായത്തിൽ നിന്നതന്നെ പലതവണ പറഞ്ഞിട്ടുണ്ടു്. ഇതില്ലാത്തകാരണം അവിടത്തെ ജനങ്ങൾക്കു വല്ലാത്ത ബുദ്ധിമുട്ടു നേരിടുന്നുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഇങ്ങിനെ ഒരു ഫുട്ടു്പാത്തു് വളരെ ആവശ്യമാണു്. എന്നാൽ ഗവൺമെണ്ടിന്റെ ധനസ്ഥിതിയനുസരിച്ചല്ലാതെ അതു ഉണ്ടാകുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഇതു ആവശ്യമില്ലെന്നല്ല പറയുന്നതു്. അത്തരം ഫുട്ടു്പാത്തുകൾ അതിനേക്കാൾ ആവശ്യമായ വേറെ സ്ഥലങ്ങൾ ഉണ്ടു്. ഇതിനുള്ള പരിഹാരം ഗവൺമെണ്ടിന്റെ ധനസ്ഥിതിയിലുള്ള കഴിവുപോലെ ഉണ്ടാക്കാം.

മിസ്റ്റർ എം. ഐ. പോൾ: അവിടെ അതു വളരെ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണെന്നുള്ളതു ആ സ്ഥലം സന്ദർശിച്ചപ്പോൾ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്കു മനസ്സിലായില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനേക്കാൾ കൂടുതൽ അടിന്തയിരമായി ഉണ്ടാക്കേണ്ട സ്ഥലങ്ങൾ വേറെയുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഇതു കഴിയുന്നതും വേഗത്തിൽ ചെയ്യാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: കഴിയുന്നതും വേഗത്തിൽ ചെയ്യാം.

STUDENTS SENT UP FOR STUDIES IN ENGINEERING AND MEDICINE 1123 AND 1124—PARTICULARS OF

240. (232) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സഭയെ മറുപടി പറയുമൊ.—

(എ) ക ക വ ന— ക ക വ ര ഈ വിദ്യാഭ്യാസവർഷത്തിൽ സ്റ്റേറ്റിൽനിന്നും എഞ്ചിനീയറിംഗു്, മെഡിക്കൽ എന്നീ പഠനത്തിന്നായി അയക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ആരെല്ലാം;

(ബി) അവർ ഓരോരുത്തരേയും ഏതേതു കോളേജുകളിലേക്കാണു അയച്ചിട്ടുള്ളതു്;

(സി) അവരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(ഡി) അവർ ഏതേതു സമുദായത്തിൽ പെട്ടവരാണു്;

(ഇ) ഈ കുട്ടികളുടെ രക്ഷകർത്താക്കന്മാർ ആരെല്ലാം;

(എഫ്) സെലക്ടു് ചെയ്യാതിരുന്ന അപേക്ഷകർ ആരെല്ലാം, അവരുടെ പരീക്ഷാഭ്യായോഗ്യത എന്തു്;

(ജി) അവർ ഏതേതു സമുദായങ്ങളിൽ പെട്ടവരാണു്?

LIBRARY ARCHIVES Kerala Legislative Assembly